**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 24** **07-06-2021 - ൽ മറുപടിയ്ക്ക്**

**ഇ-പോസ് സംവിധാനത്തിലെ തടസ്സം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri G R Anil<br>(ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിതരണ കേന്ദ്രങ്ങളിലെ ഇ-പോസ് മെഷീനും സെർവ്വറുമായുള്ള ബന്ധത്തിൽ തുടർച്ചയായി തടസ്സം നേരിടുന്നതിനാൽ റേഷൻ വിതരണം കൃത്യമായി നടക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇ-പോസ് മെഷീനും പി.ഡി.എസ് സെർവ്വറുമായുള്ള ബന്ധത്തിൽ തടസ്സങ്ങൾ നേരിടാറില്ല. എന്നാൽ ആധാർ സെർവ്വറുമായി ബന്ധപ്പെട്ട് ഓതന്റിക്കേഷൻ നടത്തുന്നതിന് അപൂർവ്വമായി തടസ്സങ്ങൾ നേരിടാറുണ്ട്. ഇത് പരിഹരിക്കുന്നതിനായി ഐ.ടി മിഷനുമായും എൻ.ഐ.സി യുമായും ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ പരാതി പരിഹരിക്കുന്നതിനും പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | നിലവിൽ ആധാർ ഓതന്റിക്കേഷനുവേണ്ടി Aadhaar User Agency (AUA) എന്ന നിലയിൽ സ്റ്റേറ്റ് ഐ.ടി മിഷന്റെ സെർവ്വറാണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സ്റ്റേറ്റ് ഐ.ടി മിഷന്റെ AUA സെർവ്വറിന് എന്തെങ്കിലും തകരാർ സംഭവിച്ചാൽ എൻ.ഐ.സി യുടെ AUA സെർവ്വർ മുഖാന്തിരം ഓതന്റിക്കേഷൻ നടത്തുന്നതിനുള്ള സംവിധാനം ക്രമീകരിച്ചു വരുന്നു. AUA സെർവ്വറിനെ ആധാർ സെർവ്വറുമായി ബന്ധിപ്പിക്കുന്ന Aadhaar Server Agency (ASA) യിൽ ഉണ്ടാകുന്ന തകരാറുകളും ഇത്തരത്തിൽ പരിഹാരം കാണാൻ ക്രമീകരണം നടത്തുന്നു. |

സെക്ഷൻ ഓഫീസർ